# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2492** 05.02.2018- ൽ മറുപടിയ്ക്ക്

### സഹകരണ ബാങ്കിംഗ് രംഗത്ത് ആധുനികവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ബാങ്കിംഗ് രംഗത്ത് നടപ്പിലാക്കി വരുന്ന ആധുനികവത്കരണം സഹകരണ ബാങ്കുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിലവിലെ സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ നല്കാമോ? | (ബി) ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് വരുന്നു.<br><br>നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നു. വായ്പാ സംഘങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 90 ശതമാനം അല്ലെങ്കിൽ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക കോർ ബാങ്കിംഗ് ധനസഹായമായി സർക്കാർ അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയുമായാണ് തുക അനുവദിക്കുന്നത്.<br><br>2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 39 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിലേയ്ക്കായി 88.674 ലക്ഷം രൂപ ഓഹരിയായും 88.4 ലക്ഷം രൂപ സബ്സിഡിയായും 192.2375 ലക്ഷം രൂപ വായ്പയായും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**